©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2020 ജനുവരി 16<br>16th January 2020<br>1195 മകരം 2<br>2nd Makaram 1195<br>1941 പൌഷം 26<br>26th Pousha 1941 | നമ്പർ<br>No. | 110 |

കേരള സർക്കാർ

<u>സാമൂഹ്യനീതി (ബി) വകുപ്പ്</u>

വിജ്ഞാപനം

സ. ഉ. (അച്ചടി) നമ്പർ 1/2020/സാ.നീ.വ.

*തിരുവനന്തപുരം, 2020 ജനുവരി 6*
*1195 ധനു 21.*

**എസ്. ആർ. ഒ. നമ്പർ 33/2020**

2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്ടിലെ (2016-ലെ 10-ാം ആക്ട്) 28-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ ഇതിനാൽ താഴെ പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ചട്ടങ്ങളിൽ, സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

"ആക്ട്" എന്നാൽ 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്റ്റ് (2016 ലെ 10) എന്നർത്ഥമാകുന്നു;

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും, എന്നാൽ നിർവ്വചിച്ചിട്ടില്ലാത്തതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും, യഥാക്രമം, അവയ്ക്ക് ആക്റ്റിൽ നൽകപ്പെട്ടിട്ടുള്ള അർത്ഥം തന്നെയായിരിക്കുന്നതാണ്.

3. നിധിയിലെ അംഗത്വത്തിനുള്ള അപേക്ഷ.—ശിശു വികസന പദ്ധതിയിൻകീഴിൽ സ്ഥിരനിയമനം ലഭിച്ചിട്ടുള്ള അങ്കണവാടി വർക്കർമാർക്കും അങ്കണവാടി ഹെൽപ്പർമാർക്കും അവർ പ്രവൃത്തി എടുത്തുവരുന്ന പ്രോജക്റ്റിലെ ശിശുവികസന പദ്ധതി ഓഫീസർ മുഖേന പദ്ധതിയിൽ വിനിർദ്ദേശിക്കുന്ന ഫാറത്തിലും രീതിയിലും അംഗത്വത്തിനായി അപേക്ഷിക്കാവുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷ പരിശോധിച്ച് അംഗത്വത്തിന് അർഹതയുള്ള പക്ഷം ബോർഡിന്റെ അംഗീകാരത്തോടുകൂടി അതതു സംഗതി പോലെ, അങ്കണവാടി വർക്കറെയോ, അങ്കണവാടി ഹെൽപ്പറെയോ അംഗമാക്കാവുന്നതാണ്. ഇപ്രകാരം അംഗത്വം നൽകിയവർക്ക് പദ്ധതിയിൽ വിനിർദ്ദേശിക്കുന്ന പ്രകാരം അംഗത്വസർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും വിശദാംശങ്ങൾ രേഖപ്പെടുത്തിയ പാസ്ബുക്കും അനുവദിച്ച് നൽകേണ്ടതാണ്.

4. യാത്രാബത്ത, സിറ്റിംഗ് ഫീസ്, ദിനബത്ത, ഹോണറേറിയം.—(1) ബോർഡ് യോഗങ്ങളിൽ സംബന്ധിക്കുന്ന ഓരോ അനൗദ്യോഗിക അംഗത്തിനും സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ സിറ്റിംഗ് ഫീസിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) സർക്കാരിനെ പ്രതിനിധീകരിക്കുന്ന ഔദ്യോഗിക അംഗങ്ങൾക്കും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കും അവർക്ക് ബാധകമായ സർവ്വീസ് ചട്ടങ്ങൾ പ്രകാരം യാത്രാപ്പടിക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3) ബോർഡ് ചെയർപേഴ്സണും അനൗദ്യോഗിക അംഗങ്ങൾക്കും ബോർഡ് യോഗത്തിൽ പങ്കെടുക്കുന്നതിന് സർക്കാരിലെ ഒന്നാം ഗ്രേഡ് ഓഫീസർക്ക് അനുവദനീയമായ നിരക്കിൽ യാത്രാപ്പടി ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

5. ഉദ്യോഗസ്ഥരുടെ നിയമനം.—(1) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ:—(എ) വനിത ശിശു വികസന വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടറുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥനെയോ സംസ്ഥാന സർക്കാർ സർവ്വീസിൽ തത്തുല്യ പദവിയിലുള്ള മറ്റേതെങ്കിലും ഉദ്യോഗസ്ഥനെയോ അന്യത്രസേവന വ്യവസ്ഥയിൽ ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി സർക്കാരിന് നിയമിക്കാവുന്നതാണ്.

(ബി) ബോർഡിന്റെ പൊതു നിയന്ത്രണത്തിന് വിധേയമായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ബോർഡിന്റെയും നിധിയുടെയും പദ്ധതിയുടെയും ഭരണകാര്യങ്ങൾ നിർവ്വഹിക്കേണ്ടതാണ്.

(2) മറ്റ് ഉദ്യോഗസ്ഥർ:—(എ) ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് വേണ്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ സഹായിക്കുന്നതിനായി ബോർഡിന്റെ മുഖ്യകാര്യാലയത്തിൽ ഒരു സീനിയർ സൂപ്രണ്ട്, ഒരു ജൂനിയർ സൂപ്രണ്ട്, ഒരു ഫിനാൻസ് ഓഫീസർ, ഒരു ഹെഡ് അക്കൗണ്ടന്റ്, ഒരു കമ്പ്യൂട്ടർ അസിസ്റ്റന്റ്, ഒരു ടൈപ്പിസ്റ്റ്, ഒരു ഓഫീസ് അറ്റൻഡന്റ്, ഒരു ഡ്രൈവർ എന്നിവരെയും കൂടാതെ അഞ്ച് ക്ലറിക്കൽ ഉദ്യോഗസ്ഥന്മാരെയും വനിത ശിശു വികസന വകുപ്പിൽ നിന്നോ സംസ്ഥാന സർക്കാരിന്റെ മറ്റേതെങ്കിലും വകുപ്പിലെ തത്തുല്യ പദവിയിൽ നിന്നോ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കാ വുന്നതാണ്.

(ബി) ബോർഡിന്റെ സർവ്വീസിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെയും മറ്റു ജീവനക്കാരുടെയും ശമ്പളവും ആനുകൂല്യങ്ങളും അച്ചടക്കം സംബന്ധിച്ച വ്യവസ്ഥകളും മറ്റു സേവന വ്യവസ്ഥകളും അവർക്ക് അവരുടെ മാതൃവകുപ്പിൽ ബാധകമായ ചട്ടങ്ങൾ പ്രകാരം ആയിരിക്കുന്നതാണ്.

6. നിലവിലുള്ള സഞ്ചിത തുക കൈമാറുന്നത് സംബന്ധിച്ച വ്യവസ്ഥകൾ.—(1) പ്രവർത്തക ക്ഷേമനിധിയുടെ പേരിൽ ബാങ്ക്/ട്രഷറി മറ്റ് ഏജൻസികൾ എന്നിവിടങ്ങളിൽ നിക്ഷേപിച്ച എല്ലാ തുകകളും അവയുടെ പലിശയും ഉൾപ്പെടെ ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതിയിൽ അതുപ്രകാരം രൂപീകരിച്ചിട്ടുള്ള ക്ഷേമനിധിയിലേക്ക് കൈമാറ്റം ചെയ്ത് കിട്ടുന്നതിനുള്ള നടപടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) (1)-ാം ഉപചട്ടപ്രകാരം മാറ്റപ്പെടുന്ന തുകയിൽ അംഗങ്ങളുടെ വ്യക്തിഗത കണക്കിലുള്ള തുക ഈ ആക്റ്റ് പ്രകാരമുള്ള നിധിയിലേക്ക് അയാളുടെ കണക്കിൽ വരവ് വെച്ച് നൽകുന്നതിനുള്ള നടപടി ശിശു വികസന പദ്ധതി ഓഫീസറുമായി ബന്ധപ്പെട്ടുകൊണ്ട് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നടത്തേണ്ടതാണ്.

(3) (2)-ാം ഉപചട്ടപ്രകാരം കൈമാറ്റം ചെയ്യപ്പെടുന്ന തുക സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടാകുന്നപക്ഷം അതിൻമേൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തീരുമാനം എടുക്കേണ്ടതും പ്രസ്തുത തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

7. ക്ഷേമനിധിയുടെ കണക്കും ഓഡിറ്റും.—ക്ഷേമനിധിയുടെ കണക്കുകൾ ബോർഡ് നിശ്ചയിക്കുന്ന ഒരു ചാർട്ടേർഡ് അക്കൗണ്ടന്റിനെ നിയോഗിച്ച് ഓരോ വർഷവും ജൂൺ മാസം 30-ാം തീയതിക്ക് മുമ്പായി ഓഡിറ്റ് ചെയ്യേണ്ടതാണ്.

8. ബഡ്ജറ്റ്.—(1) എല്ലാ വർഷവും സെപ്റ്റംബർ 30-ാം തീയതിക്ക് മുൻപ് ബോർഡിന്റെ അടുത്ത സാമ്പത്തിക വർഷത്തിൽ ലഭിക്കാനിടയുള്ള അംശദായവും മറ്റ് വരുമാനങ്ങളും ക്ഷേമനിധി പദ്ധതികൾക്കും ഭരണ നിർവ്വഹണത്തിനും മറ്റുമുള്ള എല്ലാവിധ ചെലവുകളും കാണിക്കുന്ന ബഡ്ജറ്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തയ്യാറാക്കി ബോർഡിന്റെ അംഗീകാരം വാങ്ങേണ്ടതും തുടർന്ന് സർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കേണ്ടതുമാണ്.

(2) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തുക വിനിയോഗിക്കുമ്പോൾ അനുവദിച്ചിട്ടുള്ള മൊത്ത തുകയിൽ അധികരിക്കുവാൻ പാടുള്ളതല്ല.

9. അക്കൗണ്ടിംഗ് സമ്പ്രദായം.—(1) ബോർഡിന്റെയും ജില്ലാ ഓഫീസുകളിലെയും മറ്റെല്ലാ ഘടക ഓഫീസുകളിലെയും കണക്കുകൾ അക്കൗണ്ടിംഗ് മാന്വൽ അടിസ്ഥാനമാക്കിയ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിലായിരിക്കും.

(2) ഓഡിറ്റ് സംബന്ധമായ ചെലവുകൾ ബോർഡിന്റെ അക്കൗണ്ടിൽനിന്നും ഭരണപരമായ ചെലവുകളിൽ ഉൾപ്പെടുത്തി നൽകേണ്ടതാണ്.

10. തുക നിക്ഷേപിക്കൽ.—(1) ക്ഷേമനിധിയുടെ പേരിൽ ലഭിക്കുന്ന എല്ലാ തുകകളും സർക്കാരിന്റെ അംഗീകാരത്തോടെ ഉയർന്ന പലിശ ലഭിക്കുന്ന തരത്തിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിലോ ട്രഷറിയിലോ നിക്ഷേപിക്കേണ്ടതാണ്.

(2) പെൻഷനും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിൽ അക്കൗണ്ട് തുടങ്ങേണ്ടതാണ്.

(3) പെൻഷനും മറ്റ് ആനുകൂല്യങ്ങളും പ്രസ്തുത അക്കൗണ്ടിൽ നിന്നും ഗുണഭോക്താക്കൾക്ക് അനുവദിച്ചു നൽകേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

11. ക്ഷേമനിധിയിൽ നിന്നുള്ള ചെലവ്.—(1) ക്ഷേമനിധിയിലേക്ക് അംഗങ്ങൾ നൽകുന്ന വിഹിതത്തിന്റെ പത്ത് ശതമാനത്തിൽ കവിയാത്ത തുക ബോർഡിന്റെ ഭരണപരമായ ചെലവുകൾക്കായി വിനിയോഗിക്കാവുന്നതാണ്.

(2) ബോർഡ് മെമ്പർമാരുടെ യാത്രാപ്പടി, ബത്ത, ഹോണറേറിയം, ഉദ്യോഗസ്ഥരുടെ ശമ്പളം, യാത്രാപ്പടി, പെൻഷൻ കോൺട്രിബ്യൂഷൻ, നിധിയുടെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിനുള്ള ചെലവുകൾ, മറ്റ് ഓഫീസ് ചെലവുകൾ തുടങ്ങിയവ ക്ഷേമനിധിയുടെ ഭരണചെലവിൽ നിന്നും വഹിക്കേണ്ടതാണ്.

(3) ആക്റ്റിലും ഈ ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടില്ലാത്ത യാതൊരു കാര്യത്തിനും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദം കൂടാതെ നിധിയിൽ നിന്നും യാതൊരു തുകയും ചെലവാക്കാൻ പാടില്ലാത്തതാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബിജു പ്രഭാകർ,
*സെക്രട്ടറി.*

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല, എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ആക്റ്റിലെ (2016-ലെ 10) 28-ാം വകുപ്പ് (1)-ാം ഉപവകുപ്പ്, പ്രസ്തുത ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിന് അധികാരം നൽകുന്നു. ഇപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ പ്രസ്തുത ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by PRADEEP.\
Date:2020.02.11 07:49:17 +05